Santhigiri

# ഉമ്മിണിതങ്കം

VOL 03 | ISSUE 11 | 2017 മാർച്ച് 12 | 1192 കുംഭം 28

Newspaper published from Santhigiri Ashram / For Private Circulation Only / www.santhigiriashram.org

ഗുരുവാണി

"ഭൗതികമോ ആത്മീയമോ എന്നല്ല ഉലകത്തിൽ ഇന്നോളം വന്നുപോയിട്ടുള്ള ശരിയും തെറ്റും കണ്ടറിഞ്ഞ് ആ ശരിക്കും തെറ്റിനും കാരണം അറിയുന്നതാണ് നല്ല വശം."

തിരുവനന്തപുരം റൂറൽ

# നവഒലി ജ്യോതിർദിനം കുടുംബസംഗമം തുടങ്ങി

**സ്പിരിച്വൽ സോൺ:** നവഒലി ജ്യോതിർദിനം -18 സർവമംഗളസുദിനത്തോടനുബന്ധിച്ച് ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘത്തിന്റെ പന്ത്രണ്ട് യൂണിറ്റുകളിലും നടക്കുന്ന കുടുംബസംഗമങ്ങൾക്ക് തുടക്കമായി. ആനന്ദപുരം യൂണിറ്റിലാണ് ആദ്യ കുടുംബസംഗമം നടന്നത്.

ശ്രീമതി സുലത സുഭാഷിന്റെ ഭവനമായ 'വന്ദന'ത്തിൽ വച്ച് നടന്ന സംഗമത്തിൽ സർവാദരണീയ ജനനി സുപഥ ജ്ഞാനതപസ്വിനി, സർവാദരണീയ ജനനി വിമല ജ്ഞാനതപസ്വിനി, ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ചിത്തശുദ്ധൻ ജ്ഞാനതപസ്വി, ആദരണീയ ജനനി പ്രമീള ജ്ഞാനതപസ്വിനി, ആദരണീയ ജനനി രേണുരൂപ ജ്ഞാനതപസ്വിനി തുടങ്ങിയവർ പങ്കെടുത്തു. പ്രസ്ഥാനത്തിൽ നിൽക്കുമ്പോൾ വേണ്ട വിശ്വാസത്തിന്റെ ഉറപ്പിനെക്കുറിച്ചും പ്രസ്ഥാനത്തിന്റെ സൂക്ഷിപ്പുകാരായി നാം നിൽക്കേണ്ടുന്നതിന്റെ ആവശ്യകതയെക്കുറിച്ചും സർവാദരണീയ ജനനി സംസാരിച്ചു.



*നവഒലി ജ്യോതിർദിനത്തിന്റെ മുന്നോടിയായുള്ള ആനന്ദപുരം യൂണിറ്റ് കുടുംബസംഗമത്തിൽ നിന്ന്*

അവനവന്റെ കർമങ്ങൾ ഓരോരുത്തരും നിർവഹിച്ചാൽ മാത്രമേ പ്രസ്ഥാനം മുന്നോട്ടു കുതിക്കുകയുള്ളൂ. മറ്റൊരാൾ എന്തു ചെയ്യുന്നുവെന്ന് ചിന്തിക്കേണ്ടതില്ല. സമാനരാണ് എല്ലാവരും എന്നുപറയുമ്പോൾ എല്ലാവരും ഒരേ കാര്യത്തിൽ ഏർപ്പെടണമെന്നല്ല അർഥം. മറിച്ച് ഒരു പൊതു ലക്ഷ്യം വെച്ച് അവരവരുടെ ഭാഗം പൂർണമായും സമർപ്പണത്തോടെ ചെയ്യുക എന്നതാണ്. ആദ്യകാല ആശ്രമ ജീവിതാനുഭവങ്ങളും ജനനിമാർ വിവരിച്ചു.

പത്ത് കുടുംബങ്ങളെവീതം ഉൾപ്പെടുത്തിയാണ് കുടുംബസംഗമങ്ങൾ സംഘടിപ്പിക്കുന്നത്. ഇന്ന് രാവിലെ 10 മണിക്ക് ജ്യോതിപുരം യൂണിറ്റിലും രാത്രി ഏഴു മണിക്ക് ലക്ഷ്മിപുരം യൂണിറ്റിലും കുടുംബസംഗമം നടക്കും. ശാന്തിഗിരി ഗൃഹസ്ഥാശ്രമസംഘവും ശാന്തിഗിരി ശാന്തിമഹിമയും ആണ് കുടുംബസംഗമത്തിന്റെ കോർഡിനേഷൻ പ്രവർത്തനങ്ങൾ നടത്തുന്നത്.

# നവഒലി ജ്യോതിർദിനം സത്സംഗങ്ങൾ ശ്രദ്ധേയമാകുന്നു

**തിരുവനന്തപുരം :** നവഒലി ജ്യോതിർദിനം -18 സർവ്വമംഗളസുദിനത്തോടനുബന്ധിച്ച് സംസ്ഥാനത്തെ എല്ലാ ഏരിയകളിലും സത്സംഗങ്ങൾക്ക് തുടക്കമായി. ഗുരുധർമ്മപ്രകാശസഭ അംഗങ്ങളുടെ നേതൃത്വത്തിൽ അഞ്ച് ടീമുകൾ ആണ് ആശ്രമം ഏരിയകളിലെ വിവിധ കേന്ദ്രങ്ങളിൽ ഒരു മാസത്തോളം നീണ്ടുനിൽക്കുന്ന സത്സംഗങ്ങൾ സംഘടിപ്പിക്കുന്നത്. കണ്ണൂർ, കാസർഗോഡ് ജില്ലകളിലെ സത്സംഗങ്ങളിൽ ആശ്രമം ജനറൽ സെക്രട്ടറി സർവ്വാദരണീയസ്വാമി ചൈതന്യ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ആദരണീയ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി പങ്കെടുത്തു. മലപ്പുറം, കോഴിക്കോട്, വയനാട് ജില്ലകളിലെ സത് സംഗങ്ങളും കുടുംബസന്ദർശനങ്ങളും ഇന്നുമുതൽ നടക്കും.

കൊല്ലം, പത്തനംതിട്ട എന്നീ ജില്ലകളിലെ ഏരിയകളിൽ നടന്ന സത് സംഗങ്ങളിൽ ആശ്രമം ഡയറക്ടർ സർവ്വാദരണീയ സ്വാമി നവനന്മ ജ്ഞാന തപസ്വി മുഖ്യപ്രഭാഷണം നടത്തി. ആദരണീയ സ്വാമി ജ്ഞാനദത്തൻ ജ്ഞാനതപസ്വി, ആദരണീയ സ്വാമി ഗുരുസവിധ് ജ്ഞാനതപസ്വി എന്നിവരും പങ്കെടുത്തു.







*സത്സംഗങ്ങൾക്ക് പ്രാർത്ഥനാപൂർവമായ തുടക്കം*

തിരുവനന്തപുരം ജില്ലയിലെ സത്സംഗങ്ങൾ നാളെ മുതലാണ് തുടങ്ങുന്നത്.

എറണാകുളം, ചേർത്തല എന്നീ സ്ഥലങ്ങളിലെ ഏരിയകളിൽ നടന്ന സത്സംഗങ്ങളിൽ സർവ്വാദരണീയ സ്വാമി സ്നേഹാത്മ ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തി. ആദരണീയ സ്വാമി ജനനന്മ ജ്ഞാന തപസ്വി, സ്വാമി ജ്യോതിചന്ദ്രൻ ജ്ഞാന തപസ്വി, സ്വാമി ജനസമ്മതൻ ജ്ഞാനതപസ്വി എന്നിവരും സംബന്ധിച്ചു. നാളെ മുതൽ പാലക്കാട്, തൃശൂർ, ഇടുക്കി, കോട്ടയം, ആലപ്പുഴ എന്നീ ജില്ലകളിലെ സത് സംഗങ്ങൾ നടക്കും.

ഗുരുചരണം ശരണം

**മോഹനം ഒപ്റ്റിക്കൽസ്**

കമ്പ്യൂട്ടറൈസ്ഡ് ഐ ടെസ്റ്റിംഗ് &
കോൺടാക്ട് ലെൻസ് ക്ലിനിക്ക്
(ശാന്തിഗിരി സിദ്ധ മെഡിക്കൽ കോളേജ് ഗേറ്റിന് എതിർവശം)

ഫോൺ : 8089695320

# ഗുരുവാണി

പൗർണ്ണമി പ്രാർത്ഥനയുടെ ഫലം, മറ്റൊന്നുകൊണ്ടും ചുരുക്കാൻ കഴിയാത്തവിധം അതിശ്രേഷ്ഠമാണ്. പല ജന്മങ്ങളിലെ ഉദ്ദേശ്യശുദ്ധി അറിഞ്ഞ്, അതിനെ പ്രവർത്തിച്ചു പൂർത്തിയാക്കാൻ കഴിയുന്നത് പൗർണമിയിലാണ്. പൗർണമിവ്രതം മറ്റെല്ലാ വ്രതങ്ങളുടെയും ഗുണം ഒരുമിച്ച് ചെയ്യും. ഈ വ്രതഗുണങ്ങളെല്ലാം അനുഷ്ഠിച്ച് ഗുരുവാകാം. ആ ഗുരുവിന് മുക്തി ലഭിക്കുന്നതും പൗർണമിയിലാണ്. ഇത് ആത്മീയം. ലൗകികത്തിനും ഇതുപോലെ പൂർണത കൈവരിക്കാൻ ഉതകുന്ന ഒന്നാണ് പൗർണമി. ഇരുട്ട് അല്പംപോലും വ്യാപിക്കുന്നില്ല എന്നതാണ് പൗർണമിയുടെ വിശേഷത. ഒരു ഭാഗത്ത് ആനന്ദവും കുളിർമയും; മറുഭാഗത്ത് എന്തിനെയും പിടിച്ചെടുക്കാൻ കഴിയുന്ന ഗുണം. കുളിർമയിൽ വിത്തുകൾക്ക് കൂടുതൽ ഗുണം സിദ്ധിക്കുന്നു. ജനിപ്പിക്കാനും അതിനെ നിലനിർത്താനും കഴിവുള്ളതാണു ഗുണം.

അനവധി ജന്മങ്ങളിലൂടെ പുണ്യാംശം സമ്പാദിച്ച് സമാധിയായാൽ ആ സമാധിക്ക് പൂർണതയുണ്ട്. പൗർണമിയിൽ അന്തരീക്ഷം ശാന്തമാണ്. ഉദയാസ്തമയങ്ങൾക്കു തമ്മിൽ അകലമില്ല. ഒന്ന് ഉദിക്കുമ്പോൾ ഒന്ന് അസ്തമിക്കുന്നു. ഒന്ന് അസ്തമിക്കുമ്പോൾ ഒന്ന് ഉദിക്കുന്നു. സൂര്യന്റെയും, ചന്ദ്രന്റെയും കിരണങ്ങൾ എവിടെയെല്ലാം പതിക്കുന്നുവോ അവിടെയെല്ലാം മേൽപറഞ്ഞ ഗുണങ്ങളും പ്രവേശിക്കുന്നു. ഗുരുവിനെ ഈശ്വരനായും, ബ്രഹ്മമായും പൂർണതയിലെത്താൻ പൗർണമിവ്രതം സഹായിക്കുന്നു. പൗർണമി പ്രാർത്ഥനയുടെ ഗുണത്തെക്കുറിച്ച് ചിന്തിച്ചാലും ഇല്ലെങ്കിലും എല്ലാ ചരാചരങ്ങൾക്കും ഗുണം കിട്ടത്തക്കവിധത്തിൽ ഞങ്ങളുടെ ദോഷങ്ങളെല്ലാം നശിച്ച് നന്മയും തിന്മയും വേർതിരിച്ച് ലോകശാന്തിക്ക് ഉതകുന്ന വിധത്തിൽ ഞങ്ങളുടെ ഈ പ്രാർത്ഥനയ്ക്ക് ഗുണം ഉണ്ടാകണമേ എന്നു സങ്കല്പിക്കണം. ഗ്രഹങ്ങൾക്ക് സന്തുലിതാവസ്ഥയുണ്ടാവുകയും അതിലൂടെ ലോകനന്മയ്ക്കുതകുന്ന പ്രത്യേക ശക്തിവിശേഷം ഉണ്ടാവുകയും ചെയ്യും. ഉല്പത്തിക്കും ലയത്തിനും ഏറ്റവും പറ്റിയ ദിവസമാണ് പൗർണമി. ഉല്പത്തിയാകട്ടെ, ലോകത്തിനു മൊത്തം ഗുണം ചെയ്യുന്നതുമായിരിക്കുംതാനും. ഒരു മാമ്പൂവിൽ ഈ അവസ്ഥ ഭാവനയിൽ കാണുമ്പോലെതന്നെ മനുഷ്യനിലും അതു പ്രവർത്തിക്കുന്നു. ആത്മീയവും ഭൗതികവും പരസ്പരം പൂരകങ്ങളാണെങ്കിലും നാം എന്തിനു മുൻതൂക്കം കൊടുക്കുന്നുവോ അതായിരിക്കും വളരുക. പൗർണമിക്ക് കുഞ്ഞു ജനിക്കുന്ന മാതാവ് ബോധവതിയായിരിക്കണം. ഇതു ലോകത്തിനു വേണ്ടിയാണെന്നും ഈശ്വരങ്കൽ നിന്നും ഇങ്ങനെ കല്പിച്ചുതന്നതാണെന്നും അവളറിയണം.

നാം നിലവിലുള്ളതിനെ മാനിച്ചുതന്നെയാണു പോയിട്ടുള്ളത്. പൂർവികരുടെ വഴിയിൽക്കൂടി വന്നപ്പോൾ ചില തടസ്സങ്ങൾ വന്നു. അതിനുശേഷം ഒരു വ്യതിയാനം വരുത്തിയതാണ്. നിലവിലുള്ളതിനെ മാനിച്ചുവന്നിട്ടും ഇതെങ്ങനെ കിട്ടി എന്ന് ചോദിക്കാം. അതിന് ഉത്തരം പറയാൻ പ്രയാസമാണ്. മുമ്പു വന്നവർ എങ്ങനെയാണെന്നു നാം ചിന്തിക്കുന്നില്ല. പക്ഷേ നാം ഇങ്ങനെയൊരു വഴി സ്വീകരിച്ചു. ഇതെങ്ങനെ സംഭവിച്ചു എന്നത് ചിന്തനീയമായ വിഷയമാണ്.

## വചനദീപ്തി

"എന്റെ പിതാവിന്റെ ഭവനം നിങ്ങൾ കച്ചവടസ്ഥലമാക്കരുത്"

**യേശുക്രിസ്തു**

## സ്പിരിച്വൽ സോൺ ഡ്യൂട്ടി ലിസ്റ്റ്

*2017 മാർച്ച് 12 മുതൽ 18 വരെ*

ഞായർ - പാലോട്ടുകോണം
തിങ്കൾ - ജ്യോതിപുരം
ചൊവ്വ - ശാന്തിപുരം
ബുധൻ - കരുണപുരം
വ്യാഴം - ശാന്തിഗിരി ജംഗ്ഷൻ
വെള്ളി - ലക്ഷ്മിപുരം
ശനി - ആനന്ദപുരം

## യാമപ്രാർത്ഥന

*2017 മാർച്ച് 16 വ്യാഴം*

ശാന്തിപുരം, കരുണപുരം, ജനസേവികപുരം

## ജന്മഗൃഹ തീർത്ഥയാത്ര

*2017 മാർച്ച് 16 വ്യാഴം*

**പ്രകാശപഥം**

# ഒരു നവ ആരോഗ്യ ധർമ്മസിദ്ധാന്തം

മനുഷ്യജീവിതത്തിലെ നന്മതിന്മകൾ ഓരോ വ്യക്തിയുടെയും പുണ്യത്തെയും ഭാഗ്യത്തെയും ആശ്രയിച്ചിരിക്കുന്നു. അതിൽ തിരിച്ചറിവിന്റെ ഭാഗം അതാതിന്റെ തൂക്കത്തിൽ അതാതിന്റെ സത്ത ഉൾക്കൊണ്ട് ഗതിവിശേഷമായി കർമഗതിയായി നില്ക്കുന്ന ഒന്നാണല്ലോ. അതിൽ കാലവും ഭരണചക്രം തിരിക്കുന്ന ഭാഗവും അതിലെ നന്മയെന്താണെന്നും തിരിച്ചറിഞ്ഞ് ഭരണവും ഭരണാശയവും ധർമ്മപരമായിട്ട് കൊണ്ടുപോകണം എന്നാണല്ലോ. മനുഷ്യജീവിതത്തിന്റെ പൊരുൾ അറിഞ്ഞ് പ്രവർത്തിക്കേണ്ടതെങ്ങനെയെന്നും പ്രവർത്തിച്ചെടുക്കേണ്ടതെങ്ങനെയെന്നും ജീവന്റെ മഹിമയിലും സ്നേഹത്തിലും കൂടി തിരിച്ചറിയുന്നു.

ഓരോന്നും വേർതിരിച്ചെടുത്തു കണ്ട് അതിൽ ധർമ്മസിദ്ധാന്തത്തിന്റെ തുടക്കം മനുഷ്യജീവിതത്തിന്റെ ആഴത്തോളം മനസിലാക്കി മനുഷ്യശേഷിയുടെ ആഴത്തോളം ശാസ്ത്രവും ശാസ്ത്രാതീതമായ അനുഭവസിദ്ധാന്തമായി ഒരു നവ ആരോഗ്യധർമ്മസിദ്ധാന്തം പുറത്തുവരുന്നു. ദേശകാല അറിവും ഈശ്വരസാക്ഷാത്കാരമായി കിട്ടുന്ന അറിവും ദൈവനീതിയിൽ ഗുരുവിന്റേതായിട്ട് കണ്ട് സാക്ഷ്യപ്പെടുത്തി ജനങ്ങളുടെ സകലവിധ ശാന്തിക്കും ഐശ്വര്യത്തിനും വേണ്ടി മാനവരാശിയുടെ ഇന്നലെ ഇന്ന് നാളെ എന്നുള്ള ഭാഗം മനസിലാക്കി ഒരു നവ ആരോഗ്യധർമ്മ സിദ്ധാന്തമായി അനുഭവത്തിൽ കൂടി തെളിഞ്ഞ് നാടിന്റെയും രാജ്യത്തിന്റെയും ലോകത്തിന്റെയും ഭാഗ്യമായും പുണ്യാതിരേകമായും നില്ക്കുന്ന സാക്ഷിയായി ശാന്തിഗിരിയുടെ വെളിപ്പെടുത്തൽ എന്നും നിലനില്ക്കും.

ഇങ്ങനെ പ്രവർത്തിച്ചൊതുക്കാൻ ജീവിതത്തിന്റെ ധർമ്മാധർമ്മങ്ങൾ തിരിച്ചറിഞ്ഞ് പ്രവർത്തിക്കുന്ന കഴിവിന്റെ ഉടമസ്ഥാവകാശികൾക്കിത് തെളിവായി മാറട്ടെയെന്നും സകലവിധ സന്നിധാനങ്ങളും കടന്നുവന്ന ഗുരുനിശ്ചയം അല്ലെങ്കിൽ ദൈവനിശ്ചയം അല്ലെങ്കിൽ ബ്രഹ്മനിശ്ചയം എല്ലാവരെയും അനുഗ്രഹിക്കട്ടെയെന്നും പ്രാർത്ഥിച്ചുകൊള്ളുന്നു.

**(ദൈവസ്നേഹം പങ്കുവയ്ക്കുന്ന നിമിഷാർദ്ധങ്ങൾ**
–അഭിവന്ദ്യ ശിഷ്യപൂജിതയുടെ പ്രഭാഷണത്തിൽ നിന്ന്)

# എന്തിനെയും കീഴ്പ്പെടുത്തുന്ന വിനയം ഒന്നുകൊണ്ടുമാത്രം

എന്തെല്ലാമോ കർമ്മബന്ധങ്ങളാലോ ഏതെല്ലാമോ പിതൃക്കളുടെ ഇച്ഛമൂലമോ ഗുരുവുമായി അടുത്തിട്ടുള്ള അനേകം ആളുകൾ ഇന്ന് ഇതിൽനിന്നും അകന്ന് നാശത്തിലേക്ക് നീങ്ങിക്കൊണ്ടിരിക്കുന്ന കാഴ്ച പലയിടത്തു നിന്നും കാണാനാവും. അന്തേവാസികളായിരുന്നവർ, ദാർശനികമായ അനുഭവമുള്ളവർ, സ്വന്തം ശരീരസ്ഥിതിപോലും മറന്ന് ഗുരു, പിതൃശുദ്ധി എന്ന മഹത്കർമ്മം നടത്തിക്കൊടുത്തിട്ടുള്ള ആളുകൾ... ഗുരുലാഭം മറന്ന് ബഹുലാഭം തേടിപ്പോകുന്നവർ... അങ്ങനെ പലരും ഇന്ന് ഈ വിശ്വാസത്തിൽ നിന്നുതന്നെ അകന്ന് നാശം വിഴുങ്ങിക്കൊണ്ടിരിക്കുന്നു. ഈ പരമ്പരയിൽ നിന്നും വിശ്വാസത്തിൽ നിന്നും അകന്ന് നശിച്ചുപോയവരിൽ ഭൂരിപക്ഷവും ബ്രഹ്മവചനങ്ങളായി ഗുരുവിലൂടെ എത്തുന്ന വാക്കുകൾ ജീവിതത്തിൽ പാലിക്കാൻ കഴിവില്ലാത്തവരായിരുന്നെന്നു കാണാം. ഓരോരോ അവസരങ്ങളിൽ അവരുടെ സ്വാർത്ഥതയും വിനയമില്ലായ്മയും ബുദ്ധിവ്യായാമവും അറിവില്ലായ്മയും എല്ലാം ദൈവവചനങ്ങളെ സൗകര്യപൂർവം മറികടന്നു.

ജീവിതാന്ത്യംവരെ ഇതു പൂർണ്ണമാക്കാൻ എന്താണ് ചെയ്യേണ്ടതെന്ന് ഒരിക്കൽ ഒരു ശിഷ്യൻ ഗുരുവോട് തന്നെ ചോദിച്ചു.

"എന്തിനെയും കീഴ്പ്പെടുത്തുന്ന വിനയം ഒന്നുകൊണ്ടുമാത്രമെ അതു സാധിക്കൂ." എന്നാണ് ഗുരു മറുപടി പറഞ്ഞത്.

"ഓരോരുത്തരും ഓരോ കാലഘട്ടങ്ങളിൽ അവർ ജന്മാന്തരങ്ങളായി ബന്ധപ്പെട്ട കർമഭാഗങ്ങളിൽ ഉതകിയ പുണ്യത്തിന്റെ നിക്ഷേപവുമായി എത്തിച്ചേരുന്നു. ആ നിക്ഷേപം തീരുമ്പോൾ ഇതു വിട്ടേ പറ്റൂ. എന്നാൽ കിട്ടിയ സമയംകൊണ്ട് അതു നിലനിന്നു കിട്ടാനുള്ള പുണ്യം ത്യാഗത്തിലൂടെ നേടണം. ത്യാഗം പ്രചരിപ്പിച്ചിട്ടു കാര്യമില്ല, സ്വായത്തമാക്കണം. അതിന് എന്തിനെയും കീഴ്പ്പെടുത്തുന്ന വിനയംകൊണ്ടേ സാധിക്കൂ."

സ്നേഹത്തിന്റെ അനുപമഭാവമാണ് ഭക്തി. അമ്മയോടും അച്ഛനോടും ഭാര്യയോടും കുട്ടികളോടും മറ്റെല്ലാറ്റിനോടുമുള്ള സ്നേഹം ഗുരുവിങ്കൽ അർപ്പിതമാകുന്ന ഭാവം, അതാണ് യഥാർത്ഥ ഭക്തി. അങ്ങനെയുള്ള ഭക്തി, ജീവിതത്തിൽ വരുമ്പോൾ ജന്മാന്തരങ്ങളായി നാം ജീവനിൽ ആർജ്ജിച്ചിരിക്കുന്ന നല്ലതും കെട്ടതുമായ കർമ്മവാസനകൾ ഇളകാൻ തുടങ്ങും. അടിത്തട്ടിൽ ചേറ് അടിഞ്ഞുകിടക്കുന്ന ഒരു കുളത്തിന്റെ ഉപരിതലം ശാന്തമാണ്. അതുപോലെ ശാന്തമായി കിടക്കുന്ന മനസിലേക്ക് കർമ്മവാസനകളെന്ന അഴുക്ക് പൊന്തിവരും. എന്നാൽ ആ കുളത്തിൽ കിടക്കുന്ന ചേറ് കലക്കി കോരിക്കളഞ്ഞില്ലെങ്കിൽ അതിൽ ശുദ്ധജലം നിറയുകയില്ല. ഭക്തിയുടെ ഭാവതലത്തിൽ പൊന്തിവരുന്ന വാസനകൾ മനസിലേക്കുവരും. സന്ന്യാസിക്കും ഗൃഹസ്ഥനും ആണിനും പെണ്ണിനും കുഞ്ഞിനുമെല്ലാം അതു വന്നുചേരും. എന്നാൽ അങ്ങനെ വരുന്ന വാസനകൾ മനസിൽനിന്നും പ്രവർത്തിപഥത്തിലെത്താതെ ഗുരുവിങ്കൽ സമർപ്പിക്കാൻ കഴിയണം. ഗുരുവാണിയിൽത്തന്നെ ഇക്കാര്യം സൂചിപ്പിക്കുന്നുണ്ട്: "ദൈവമെ നീ എനിക്കിത്രയും ഭക്തി തന്നു. അതോടൊപ്പം കെട്ടതും വരുന്നു. ഞാനതിനുത്തരവാദിയല്ല. അങ്ങുതന്നെ ഇതും ഏറ്റെടുക്കണേ..." ഇങ്ങനെ സമർപ്പണം ചെയ്യുന്ന ഘട്ടത്തിൽ സംഭവിക്കുന്നതെന്തെന്ന് അനുഭവമുള്ള ശിഷ്യൻ കണ്ടത് പറഞ്ഞിട്ടുള്ളത്:

"വാസനയ്ക്ക് നിദാനമായ കർമഗതി ഏതാണോ അത് കാണിച്ചുതന്നു. അതിൽ നൊന്തു നില്ക്കുമ്പോൾ ആ കർമഗതിയുടെ സ്ഥാനത്ത് ഗുരുവിന്റെ പ്രകാശം വന്നണഞ്ഞു. അത് കരിഞ്ഞുപോയി. പിന്നെ പ്രകാശം മാത്രമായി." അനേകം പ്രാവശ്യം ഈ സമർപ്പണത്തിലൂടെ മാത്രമെ മുന്നോട്ടുപോകാൻ കഴിയൂ. എന്നാൽ മനസിലേക്കു പൊന്തിവരുന്ന വാസനകൾ സമർപ്പണത്തിനു കഴിയാതെ പ്രവർത്തിപഥത്തിലേക്കു വന്ന് പലരും അപകടം വരുത്തിവയ്ക്കുന്നു. അങ്ങനെ കാരുണ്യം നഷ്ടപ്പെട്ട്, പുണ്യവും ഭാഗ്യവും നഷ്ടപ്പെട്ട് ക്രമേണ ആശയത്തിൽ നിന്നകന്ന്, പരമ്പരയിൽ നിന്നകന്ന് ഗുരുവിൽ നിന്നുതന്നെ അകലുന്നു. ഇപ്രകാരം നശിച്ചുപോകേണ്ടവരാണോ നാം?



*വിദ്യാഭവൻ ലൈബ്രറിക്ക് ശ്രീലങ്കൻ കോൺസുലേറ്റ് നല്കിയ പുസ്തകങ്ങൾ ഏറ്റുവാങ്ങുന്നു*

# വിദ്യാഭവൻ ലൈബ്രറിക്ക് ശ്രീലങ്കൻ കോൺസുലേറ്റ് വക പുസ്തകങ്ങൾ

**എജ്യൂക്കേഷൻ സോൺ:** ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂളിലെ ലൈബ്രറിക്ക് ശ്രീലങ്കൻ കോൺസുലേറ്റ് വക പുസ്തകങ്ങൾ വിതരണം ചെയ്തു. ശ്രീലങ്കൻ കോൺസുലേറ്റിലെ ഉദ്യോഗസ്ഥനും സ്കൂളിലെ അദ്ധ്യാപിക ദീപ എസ്. എസിന്റെ ഭർത്താവുമായ എ. ജയപ്രകാശിന്റെ നേതൃത്വത്തിലാണ് പുസ്തകങ്ങൾ സമ്മാനിച്ചത്. നൂറുകണക്കിന് സാഹിത്യ, ശാസ്ത്ര പുസ്തകങ്ങൾ അടങ്ങിയ മികച്ച ഒരു ലൈബ്രറിയാണ് ശാന്തിഗിരി വിദ്യാഭവൻ ഹൈസ്കൂളിനുള്ളത്.

# എസ്.ആർ.എഫ് സെമിനാർ ശ്രദ്ധേയമായി



*കന്യാകുമാരിയിൽ നടന്ന എസ്.ആർ.എഫ്. ദേശീയ സെമിനാർ*

**കന്യാകുമാരി:** ലോകസമാധാനത്തിനും സൗഹാർദ്ദത്തിനും സ്വാമി വിവേകാനന്ദൻ നല്കിയിട്ടുള്ള സംഭാവനകൾ മുൻനിർത്തി ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ കന്യാകുമാരി വിവേകാനന്ദ കേന്ദ്രത്തിൽ സംഘടിപ്പിച്ച ത്രിദിന ദേശീയ സെമിനാർ ശ്രദ്ധേയമായി. ഫെബ്രുവരി 27, 28, മാർച്ച് 1 തിയതികളിലാണ് സെമിനാർ നടന്നത്. രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും നൂറ്റിയൻപതിലേറെ പ്രമുഖർ സെമിനാറിൽ സംബന്ധിക്കുകയുണ്ടായി. ഡോ. ഉത്തം പതി, പ്രഫ. എ. ചതോപാദ്യായ, പ്രഫ. ഹിമാൻശി റോയ്, പ്രഫ. രാജ് വീർ സിംഗ്, പ്രഫ. സെബാസ്റ്റ്യൻ വേളാശേരി, ഡോ. സജി വർഗീസ് തുടങ്ങിയവർ പ്രബന്ധങ്ങൾ അവതരിപ്പിക്കുകയുണ്ടായി. സ്വാമി വിവേകാനന്ദൻ ഉൾപ്പെടെയുള്ള ലോകഗുരുക്കന്മാർ ലോകസമാധാനത്തിന് നല്കിയ സംഭാവനകളെക്കുറിച്ച്ശാന്തിഗിരി റിസർച്ച് ഫൗണ്ടേഷൻ ചീഫ് ഫെലോ പ്രഫ. ഡോ. കെ. ഗോപിനാഥൻ പിള്ള സംസാരിച്ചു.

# ലോക വനിതാദിനാചരണ പരിപാടികൾ

**പോത്തൻകോട്:** മാർച്ച് എട്ടിന് ലോക വനിതാദിനം സർക്കാരിന്റെയും വിവിധ സംഘടനകളുടെയും നേതൃത്വത്തിൽ നടക്കുകയുണ്ടായി. പ്ലാനറ്റ് 50:50 എന്നതായിരുന്നു ഇക്കഴിഞ്ഞ വനിതാദിനത്തിന്റെ മുദ്രാവാക്യം. സ്ത്രീക്കും പുരുഷനും തുല്യ അവകാശം എന്നതാണ് ഈ മുദ്രാവാക്യത്തിന്റെ അന്തഃസത്ത. ലിംഗസമത്വം സ്വപ്നം കാണുന്ന കേരളത്തിൽ പക്ഷെ നിരവധി സ്ത്രീപീഡനങ്ങളും നടക്കുന്നു. കേരളത്തിൽ ജനമൈത്രി, പിങ്ക് പോലീസ് തുടങ്ങിയവ സ്ത്രീ സംരക്ഷണത്തിനായുണ്ട്. പക്ഷേ കുറ്റകൃത്യങ്ങളിൽ 30 ശതമാനം മാത്രമാണ് റിപ്പോർട്ട് ചെയ്യപ്പെടുന്നത്. കുറ്റകൃത്യങ്ങളുടെ കാര്യത്തിൽ കൊച്ചിയാണത്രെ ഏറ്റവും അപകടകരം. കൊച്ചിയിലെ കുറ്റകൃത്യനിരക്ക് ദേശീയ ശരാശരിയേക്കാൾ വളരെ ഉയർന്നതാണ്. 2014 ലെ യുനിസെഫ് പഠനം പറയുന്നത് 120 ദശലക്ഷം 20 വയസ്സിൽ താഴെയുള്ള പെൺകുട്ടികൾ ലൈംഗികപീഡനത്തിനിരയാകുന്നു എന്നാണ്. ശാന്തിഗിരി മാതൃമണ്ഡലത്തിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 11 പൗർണമി ദിനത്തിൽ പ്രത്യേക പ്രാർത്ഥന നടത്തുകയുണ്ടായി.


## പെയിന്റിംഗ് വർക്കുകൾക്ക്

എല്ലാവിധ പെയിന്റിംഗ് വർക്കുകളും (സ്പ്രേ പെയിന്റിംഗ്, കെട്ടിട പെയിന്റിംഗ്, വുഡ് പോളിഷിംഗ്) കൂടാതെ എല്ലാവിധ ഇന്റീരിയർ പെയിന്റിംഗുകളും വളരെ ഉത്തരവാദിത്തത്തോടെ ചെയ്തു കൊടുക്കുന്നതിന് സമീപിക്കുക (ഉണ്ണി, ശാന്തിഗിരിക്കു സമീപം)

ഫോൺ : 9747478456, 9747997649





*മംഗല്യനിധി സഹായധന വിതരണം*

# കുക്കിംഗ് ഗ്യാസ് കണക്ഷൻ

**എജ്യൂക്കേഷൻ സോൺ:** ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷന്റെ നിർദ്ദേശമനുസരിച്ച് രജനി ഗ്യാസ് ഏജൻസിയിയുടെ കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ വീടുകളിൽ രണ്ടുവർഷത്തിലൊരിക്കൽ നടത്തുന്ന സുരക്ഷാ പരിശോധനയ്ക്കായി നിയുക്തരായിട്ടുള്ളവർ എത്തുമ്പോൾ റേഷൻകാർഡ്, എസ്.വി. പേപ്പർ, പാസ്ബുക്ക് എന്നിവ കാണിക്കേണ്ടതാണ്. 150 രൂപ ഫീസ് അടയ്ക്കേണ്ടതും പരിശോധന ലിസ്റ്റ് വാങ്ങി സൂക്ഷിക്കേണ്ടതുമാണ്. ഇതിനായി ഒരു ഹെൽപ്പ് ഡസ്ക് ശാന്തിഗിരി ഗുരുകാന്തിയിൽ മാർച്ച് രാവിലെ 10.00 മണിമുതൽ 3.00 മണിവരെ ഉണ്ടായിരിക്കുന്നതാണ്.

# ഒൻപത് സർക്കാർ സ്കൂളുകൾക്ക് ബസ് അനുവദിച്ചു



**നെടുമങ്ങാട്:** അയിരൂപ്പാറ സ്കൂൾ അടക്കം നെടുമങ്ങാട് നിയോജക മണ്ഡലത്തിലെ ഒൻപത് സർക്കാർ വിദ്യാലയങ്ങൾക്ക് ബസ് അനുവദിച്ചതായി സി. ദിവാകരൻ എംഎൽഎ അറിയിച്ചു. തലയൽ എൽപിഎസ്, നെടുമങ്ങാട് ഗേൾസ് എച്ച് എസ്എസ്, കൊഞ്ചിറ യുപിഎസ്, പൂവത്തൂർ എച്ച്എസ്എസ്, ഇടമല യുപിഎസ്, കന്യാകുളങ്ങര എൽപിഎസ്, കൊല്ലങ്കാവ് എൽപിഎസ്, കരിച്ചാറ എൽപിഎസ്, അയിരൂർപ്പാറ എച്ച് എസ് എസ് എന്നീ വിദ്യാലയങ്ങൾക്കാണ് സ്കൂൾ ബസ് അനുവദിച്ചത്.

# ദിവംഗതരായി



*കെ. സേതുമാധവൻ*



*എം.പി പരമേശ്വരൻ*

**തൃശൂർ:** ശാന്തിഗിരി വിശ്വസാംസ്കാരിക നവോത്ഥാന കേന്ദ്രം തൃശൂർ ഏരിയ കമ്മിറ്റി ഡെപ്യൂട്ടി കൺവീനറായ കരുമാലി ഹൗസിൽ കെ. സേതുമാധവൻ (51) മാർച്ച് 4 ന് ദിവംഗതനായി. ഭാര്യ: ലത മകൾ: ഋഷിപ്രിയ. പർണശാല സമർപ്പണവേളയിൽ മൂന്നുവർഷത്തോളം കേന്ദ്രാശ്രമത്തിൽ കർമ്മം ചെയ്തിരുന്നു.

**മലപ്പുറം:** ആദരണീയ സ്വാമി ഭാനുപ്രകാശ ജ്ഞാനതപസ്വിയുടെ സഹോദരൻ എം.പി പരമേശ്വരൻ (75) മാർച്ച് 8ന് ദിവംഗതനായി. ഭാര്യ: കമലാക്ഷി മക്കൾ: ബിന്ദു, നിഷ, മിനി, ലേഖ, ദിനേശൻ. മറ്റ് സഹോദരങ്ങൾ: സുന്ദരൻ, ഗോപാലൻ, ശാരദ, ബാലകൃഷ്ണൻ, ചന്ദ്രശേഖരൻ, പാർവതി,വിജയരാഘവൻ. സംസ്കാര ചടങ്ങുകൾ നടന്നു.

# ലോകനീതി വച്ച് ദൈവനീതി അളക്കാൻ കഴിയില്ല: സ്വാമി ചൈതന്യ ജ്ഞാനതപസ്വി

**കണ്ണൂർ:** ആശ്രമകർമ്മങ്ങളിലേർപ്പെട്ട് നില്ക്കുമ്പോൾ ലോകനീതി വച്ച് കാര്യങ്ങൾ വിലയിരുത്തരുതെന്നും ലോകനീതിയും ദൈവനീതിയും രണ്ടും രണ്ടാണെന്നും നവഒലി സത്സംഗം ഉദ്ഘാടനം ചെയ്തുകൊണ്ട് ശാന്തിഗിരി ആശ്രമം ജനറൽ സെക്രട്ടറി സ്വാമി ചൈതന്യ ജ്ഞാനതപസ്വി പറഞ്ഞു.



കണ്ണൂരിൽ നടന്ന സത്സംഗം

തങ്ങൾക്ക് അർഹതപ്പെട്ട അവകാശം നേടിയെടുക്കാനാണെങ്കിൽപോലും സ്വന്തം സഹോദരങ്ങളെയും പിതാമഹൻമാരെയും ഗുരുക്കന്മാരെയും കൊല്ലുന്നത് മനുഷ്യദൃഷ്ടിയിൽ എന്നും അനീതിയാണ്, അധർമ്മമാണ്. എന്നാൽ ത്രികാലജ്ഞാനിയായ ശ്രീകൃഷ്ണ പരമാത്മാവ് അതിന്റെ പിന്നിലുള്ള ദൈവനീതി അർജുനനു വെളിപ്പെടുത്തിക്കൊടുക്കുന്നു. കാലത്തിനും ദേശത്തിനും സമയത്തിനും അനുസൃതമായി ഏറ്റവും ബാഹ്യതലത്തിൽ മനുഷ്യൻ അനുവർത്തിച്ചുവരുന്ന അനുവർത്തിച്ചുകൊണ്ടിരിക്കുന്ന നിയമമാണ് ലോകനീതി. അതിനപ്പുറം ഇതിന്റെയെല്ലാം കാരണവും ധർമ്മവും അടിസ്ഥാനപ്പെടുത്തി ആത്യന്തികലക്ഷ്യമണയ്ക്കുന്ന പാതയിലെ ദൈവദൃഷ്ടിയാണ് ദൈവനീതി.

ഗുരു ഒരിക്കൽ പറഞ്ഞു:

“സൂര്യന്റെ പ്രഭ എല്ലാറ്റിലും ഒരുപോലെ വന്നുപതിക്കുന്നു. അതിന് നല്ലതെന്നോ കെട്ടതെന്നോ ഇല്ല. കാറ്റ് അമേദ്യത്തിലും നിവേദ്യത്തിലും ഒരുപോലെ വീശുന്നു. അത് എങ്ങും തടയുന്നില്ല. ദൈവം അതുപോലെയാണ്.”

ഈ സത്യം മനസിലാകാത്തതാണ് ഈ സംശയത്തിനു കാരണം. നമ്മൾ നില്ക്കുന്നിടത്തും അതിനു മുന്നിലും അതിനു പിന്നിലുമായി ഓടുന്നവരാണ് സഹജീവികൾ. ഓരോ ജീവനും ഓരോ കർമ്മവും കർമഗതിയും ഓരോരോ വാസനകളും കരുത്തും വ്യത്യസ്തപ്പെട്ട പുണ്യവും ഭാഗ്യവുമാണ്.

ഒരിക്കൽ വളരെ പഴക്കമുള്ള ഒരു വിശ്വാസി കുറെയധികം പണം ഗുരുവിനെ ഏല്പിച്ചു. ധനികനായ അയാൾ പിന്നീട് അമിതവ്യയം മൂലം ധനത്തിനായി വളരെയധികം ബുദ്ധിമുട്ടി. പലരോടും കടംവാങ്ങി ജീവിതം മുന്നോട്ടു തള്ളിനീക്കി.എല്ലാമറിയുന്ന ഗുരു അത് കണ്ടതായി ഭാവിച്ചതേയില്ല. അയാൾ പലരോടും പണത്തിന്റെ ആവശ്യകത ഗുരു അറിയത്തക്കനിലയിൽ അറിയിച്ചു. എന്നിട്ടും അവിടെനിന്നും ഒരു ചലനവുമുണ്ടായില്ല. അയാളുടെ സ്വാർത്ഥതകളിൽ പലതും നടക്കാതെ വന്നപ്പോൾ ആശയത്തിന്റെ വഴിവിട്ടു സഞ്ചരിക്കാൻ തുടങ്ങി. അകലത്തിലേക്കു നീങ്ങുവാനും സംസാരത്തിൽപ്പോലും അതു പ്രകടിപ്പിക്കാനും തുടങ്ങി. എന്നാൽ ആരും പ്രതീക്ഷിക്കാത്ത ഒരു സമയത്ത് ഗുരു അയാൾ നല്കിയിരുന്ന പണം മുതലും പലിശയുമടക്കം തിരികെ നല്കി. അയാൾ പോയികഴിഞ്ഞപ്പോൾ അവിടെ നിന്നവരോടായി ഗുരു പറഞ്ഞു:

“അവനെ ഈ നിലയിലെങ്കിലും രക്ഷപ്പെടുത്താമെന്നു ഞാൻ കരുതിയിരുന്നു. കടുത്ത ദോഷസമയമായതിനാൽ ഇതു കിട്ടിയാൽ അതിന്റെ ബലത്തിൽ അമിതനാശത്തിലേക്കു പോകും എന്നറിയാമായിരുന്നതു കൊണ്ടാണ് പണം കൊടുക്കാൻ വിസമ്മതിച്ചത്. പക്ഷെ അവൻ ഒരു നിലയിലും വഴിപ്പെടാതെ എന്തു ചെയ്യും? കഷ്ടം.... ”

ഒരിക്കൽ മൂന്നുനാലു സ്ത്രീകളെ അവരുടെ അഭിമാനത്തെപ്പോലും ചോദ്യം ചെയ്യത്തക്കനിലയിൽ ഗുരു ശകാരിച്ചു. അന്തേവാസികളെക്കൊണ്ടും ശകാരിപ്പിച്ചു. എന്നാൽ രണ്ടു ദിവസം കഴിഞ്ഞപ്പോൾ അവരിൽ മൂന്നു പേരെയും ഗുരു കാണാനനുവദിക്കുകയും ആശ്വസിപ്പിക്കുകയും ചെയ്തു. എന്നാൽ അത്യാഗാധമായ ദുഃഖത്തോടെ ആഹാരം പോലും കഴിക്കാതെ കിടന്ന ഒരു സ്ത്രീയെ ഗുരു ദിവസങ്ങളോളം കാണാനനുവദിക്കുകയോ പരിഗണിക്കുകയോ ചെയ്തില്ല. എന്നിട്ട് അവിടെ നിന്ന വരോടായി പറഞ്ഞു: “അവൾക്ക് അലിവ് വരുവാൻ പ്രയാസമാണ്. സാധാരണക്കാരെപ്പോലെ അത്ര പെട്ടെന്നു മനസലിയുന്ന ഒരു സ്വഭാവമല്ല. ഇപ്പോഴുള്ള രീതി വളരെ നല്ലതാണ്. അതിനാൽ ആരും ശ്രദ്ധിക്കേണ്ട.”

കണ്ണൂരിൽ നടന്ന സത്സംഗത്തിൽ സ്വാമി വന്ദനരൂപൻ ജ്ഞാനതപസ്വി, സ്വാമി മനുചിത് ജ്ഞാന തപസ്വി എന്നിവരും സംബന്ധിച്ചു.

# ഒ.വി. വിജയൻ അനുസ്മരണ പ്രഭാഷണം ഇന്ന് ജയ്പൂരിൽ

**ജയ്പൂർ (രാജസ്ഥാൻ):** ഒ.വി. വിജയൻ ഫൗണ്ടേഷനും ഓൾ ഇന്ത്യാ മലയാളി അസോസിയേഷനും സംയുക്തമായി സംഘടിപ്പിക്കുന്ന ഒ.വി. വിജയൻ അനുസ്മരണവും ജീവചരിത്ര പുസ്തക പ്രകാശനവും ഡോക്യുമെന്ററി പ്രദർശനവും ഇന്ന് ജയ്പൂരിൽ നടക്കും. രാവിലെ 11 മണിക്ക് ജയ്പൂർ സുഭാഷ് നഗറിലെ ഹോട്ടൽ പെപ്പർമിന്റിൽ വച്ച് നടക്കുന്ന ചടങ്ങിൽ ശാന്തിഗിരി ആശ്രമം ഓർഗനൈസിംഗ് സെക്രട്ടറി സ്വാമി ഗുരുരത്നം ജ്ഞാനതപസ്വി മുഖ്യപ്രഭാഷണം നടത്തും. ജയ്പൂർ പോലീസ് ഐ.ജി. ബിജു ജോർജ് ജോസഫ് മുഖ്യാതിഥിയായി പങ്കെടുക്കും. ഓൾ ഇന്ത്യ മലയാളി അസോസിയേഷൻ രാജസ്ഥാൻ പ്രസിഡന്റ് കെ.ആർ. മനോജ്, സെക്രട്ടറി അജി മേടയിൽ, ഒ.വി. വിജയൻ ഫൗണ്ടേഷൻ സെക്രട്ടറി എം. ചന്ദ്രപ്രകാശ്, കെ.എൻ. രാജു, കെ. അനിൽ കുമാർ തുടങ്ങിയവർ സംബന്ധിക്കും. ഖസാക്കിന്റെ ഇതിഹാസമെഴുതി ഇതിഹാസമായി മാറിയ മലയാളത്തിന്റെ മഹാനായ സാഹിത്യകാരൻ ഒ.വി.വിജയനെ അറിഞ്ഞതിലപ്പുറം അറിയാൻ അവസരമൊരുക്കുന്ന ഈ പരിപാടി ഒ.വി. വിജയന്റെ ചിന്തകളുടേയും സൃഷ്ടികളുടേയും ചരിത്ര, സാംസ്കാരിക, സാമ്പത്തിക, രാഷ്ട്രീയ, സാഹിത്യ ഉള്ളറകളിലേക്കും ദാർശനിക തലങ്ങളിലേക്കും ആഴ്ന്നിറങ്ങുന്ന ചിന്തകൾ പങ്കിടുന്നതിന് വേദിയൊരുക്കുമെന്ന് സംഘാടകർ അവകാശപ്പെട്ടു.



ശാന്തിഗിരി ജംഗ്ഷൻ പ്രാർത്ഥനായോഗം



മികച്ച കുട്ടിക്കർഷകരായ ഗുരുകലയും കരുണയും

# കുട്ടിക്കർഷകർക്ക് അനുമോദനം

**എജ്യൂക്കേഷൻ സോൺ:**ശാന്തിഗിരി വിദ്യാഭവൻ സീനിയർ സെക്കന്ററി സ്കൂൾ കേരള സർക്കാരിന്റെ ഹരിതകേരളം പദ്ധതിയുടെ ഭാഗമായി വിദ്യാർത്ഥികൾക്ക് നല്കിയ പച്ചക്കറി വിത്തുകൾ സ്വന്തം വീട്ടുവളപ്പിൽ നട്ടുവളർത്തിയ വിദ്യാർത്ഥികളിൽ നിന്നും തെരഞ്ഞെടുപ്പിലൂടെ ഏറ്റവും മികച്ച കുട്ടി കർഷകർക്കുള്ള അവാർഡ് മാണിക്കൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറി എം. പി. പ്രമോദ്, ശാന്തിഗിരി വാർഡ് മെമ്പർ ആർ. സഹീറത്ത് ബീവി, ഫിനാൻസ് ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ജനറൽ മാനേജർ എൻ.സോമരാജൻ തുടങ്ങിയവർ ചേർന്ന് സമ്മാനിച്ചു. ഗുരുകല, കരുണ എം. എസ്. എന്നീ വിദ്യാർത്ഥിനികളാണ് സ്കൂളിലെ മികച്ച കുട്ടിക്കർഷകരായി തെരഞ്ഞെടുക്കപ്പെട്ടത്.



ഭാരത്ദർശൻ തീർത്ഥാടക സംഘം മാർച്ച് 5 ഞായറാഴ്ച ആശ്രമം സന്ദർശിച്ചപ്പോൾ



Printed and published by Swami Chaithanya Jnana Thapaswi, Chief Editor, on behalf of Santhigiri Ashram, Thiruvananthapuram-695589. For private circulation only.
**Editorial Head:** Janani Divya Jnana Thapaswini **Editor:** T. Sasimohan **Senior Co-ordinating Editor:** Anil Cherthala